Sri. T. K. Naryana Pillai: Sir, I have said all what I have to say on this matter.

Sri. D. Gnanasigamoni: May I know whether it was the practice of the Government to refer such applications to any other institutions other than the Devaswom Board?

Sri. T. K. Narayana Pillai: I am not aware of that.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇതിനെ സംബന്ധിച്ച് ആരാണ് അന്വേഷിച്ച് റിപ്പോർട്ട് അയക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ തഹശീൽദാർ ആണ് അന്വേഷിച്ച് റിപ്പോർട്ട് അയക്കുന്നത്. ചില കേസിൽ കലക്ടർ തന്നെപോയി അന്വേഷണം നടത്തി റിപ്പോർട്ട് അയക്കും. പിന്നെ പബ്ലിക്ക് ഹെൽത്ത് ഡയറക്ടർ അതിനെപ്പറ്റി റിപ്പോർട്ട് അയക്കും. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഗവൺമെന്റ് തീരുമാനം ചെയ്യുന്നത്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ക്ലോസ് പ്രോക്സിമിറ്റി Close proximity എന്ന പറയുന്നത് കുറേക്കൂടി വ്യക്തമാക്കുവാൻ ഭയമുണ്ടാകുമോ?

Sri. T. K. Narayana Pillai: No. I do not think that the rules are very rigorous.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഇവിടെ ഇന്ന നിലവിലുള്ള നിബന്ധനകൾ ഇൻഡ്യയിൽ വേറെ വല്ല പ്രാവിൻസുകളിലുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അത് ഇവിടെ പന്ത്രണ്ട് തവണ പറഞ്ഞിട്ടുണ്ട്.

ശ്രീ. മന്നത്തുപത്മനാഭൻ: ഇൻഡ്യയിൽ വേറെ പ്രവിശ്യകളിൽ ഇവിടെയുള്ളതുപോലെ കുസ്ത്യാനികൾ ഉണ്ടോ?

(മറുപടി ഇല്ല)

ശ്രീ. ഇട്ടീര അമ്മുക്കൻ: മാളാ നിയോജകമണ്ഡലത്തിൽ ഒരു പള്ളി പണിയുവാൻ ഇൻറഗ്രേഷനമ്മു കൊച്ചി ഗവൺമെന്റ് അനുവദിച്ചതനുസരിച്ച് പണി ആരംഭിച്ചപ്പോൾ ആ പണി നിറുത്തിവയ്ക്കുവാൻ ഈ ഗവൺമെന്റ് കല്പന കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെ സംബന്ധിച്ച് വേറെ ഒരു ചോദ്യം അയച്ചാൽ മറുപടി പറയാം.

Sri. A. K. George: May I know the number of applications that have been refused on the recommendation of the Devaswom Board?

Sri. T. K. Narayana Pillai: I am sorry I must claim notice of that question.

ശ്രീ. ഇട്ടീര അമ്മുക്കൻ: കുടുമ്പിനു ജീവിക്കാമെന്നുള്ള ഈ രാജ്യത്ത് ക്രിസ്ത്യാനിക്ക ജീവിക്കുവാൻ ഇടംകൊടുക്കരുതോ?

Mr. Speaker: The question is too general to admit of an answer.

നൽമൊത്തവ്യാപാരികൾ

* ക്വ ന. (വ) ശ്രീ. റഫേൽ ജെ. ഓൾഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു നൽമൊത്ത വ്യാപാരികളെ തെരഞ്ഞെടുക്കുന്നത് എന്തു തത്വം അടിസ്ഥാനമാക്കിയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നമ്മുടെ സ്റ്റേറ്റിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്ര നൂൽ മൊത്ത വ്യാപാരികൾ ഉണ്ട്;

(സി) ഓരോ ഡിസ്ട്രിക്ടിലും ഒരുമാസത്തിൽ ശരാശരി എന്തുമാത്രം നൂൽ വിതരണം ചെയ്യപ്പെടുന്നുണ്ട്?

വിദ്യാഭ്യാസവും തൊഴിലും ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) നൂൽ മൊത്തവ്യാപാരികളെ തിരഞ്ഞെടുക്കുന്നത്, ധനസ്ഥിതി, വ്യാപാരത്തിലുള്ള മുൻ പരിചയം, സ്വഭാവം തുടങ്ങിയ അടിസ്ഥാനത്തിന്മേലാണ്.

(ബി) തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് — ൨
കോട്ടയം ,, — ഇല്ല
കൊല്ലം ,, — ൧
തിരുവനന്തപുരം ,, — ൩

(സി) വിതരണം ചെയ്യുന്ന നൂലിന്റെ തുക അതാതു് മാസത്തിൽ കിട്ടുന്ന കോട്ടാ അനുസരിച്ചിരിക്കും. ഉദാഹരണമായി ൧൯൫൦ ഡിസംബർമാസത്തിൽ താഴെപറയുന്ന വിധത്തിൽ നൂൽ വിതരണം ചെയ്തു.

തൃശ്ശിവപേരൂർ ഡിസ്ട്രിക്ട്	൧൩൨	ബെയിൽസ്
കോട്ടയം	൪൨	,,
കൊല്ലം	൧൩൩	,,
തിരുവനന്തപുരം	൭൦൧	,,
ആകെ	൧൧൭൭	ബെയിൽസ്

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കൊല്ലത്തു നൂൽ വിതരണത്തിനു് രണ്ടു മൊത്തവ്യാപാരിയെമാത്രം നിയമിക്കാനുള്ള കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ നാട്ടിലെ നൂൽ വിതരണത്തിന്റെ ആവശ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

കയർസർവെ റിപ്പോർട്ട്

* ൧൨൭. (൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) റിസർച്ചു ഡിപ്പാർട്ട്മെന്റു മുഖേന നടത്തിയ കയർസർവെയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്തതിന്റെ കാരണമെന്താണു്;

(ബി) ആ വകയ്ക്കു ഗവൺമെന്റിനു് എന്തു തുക ചെലവായിട്ടുണ്ടു്;

(സി) കയർസർവെ നടത്തിയവരെ പിരിച്ചുവിട്ടതിനുശേഷം അവർക്കു മുൻഗണന നൽകി വീണ്ടും ജോലികൊടുക്കാത്തതെന്തുകൊണ്ടാണു്?

വിദ്യാഭ്യാസവും തൊഴിലും ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) കയർ സർവ്വെ മുഖാന്തിരം ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനം പൂർത്തിയാകാത്തതുകൊണ്ടാണു് റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്താത്തതു്.

(ബി) ൧൭,൫൨൪ രൂപ. ൪൫ അണ. ൩ പൈ.

(സി) ഈ കാര്യം ആലോചനയിലിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly